**കേരള സർക്കാർ**

നം: 68725/ജി3/07/പൊവിവ

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്
തിരുവനന്തപുരം
തീയതി, , 4.02.2008

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം -അദ്ധ്യാപിക/ വിദ്യാർത്ഥിനികളുടെ വസ്ത്ര ധാരണം- വിശദീകരണം സംബന്ധിച്ച്

കെ.ഇ.ആർ.പ്രകാരം അദ്ധ്യാപികമാരുടെ വസ്ത്രധാരണത്തെക്കുറിച്ച് പ്രത്യേക നിയമങ്ങളൊന്നും നിലവിലില്ല എന്നും എന്നാൽ കേരളത്തിലെ വിദ്യാലയങ്ങളിലും അദ്ധ്യാപക പരിശീലനകേന്ദ്രങ്ങളിലും അദ്ധ്യാപികമാർ സാരി ധരിക്കണമെന്ന അലിഖിത നിയമം നടപ്പിലാക്കി വരുന്നതായും അദ്ധ്യാപികമാരെ സംബന്ധിച്ചിടത്തോളം ഈ വിവേചനം നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായും സർക്കാരിന് പരാതി ലഭിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം പരിശോധിച്ചു.

സാമൂഹിക വികാസത്തിനനുസരിച്ച് വസ്ത്രധാരണ രീതിയിലും മാറ്റങ്ങൾ സ്വാഭാവികമാണ്. മുണ്ടും ഷർട്ടും ആയിരുന്നു കേരളീയ പുരുഷൻമാരുടെ വേഷം എന്നാൽ കാലക്രമേണ പാന്റും ഷർട്ടും കൂടി ഉപയോഗിക്കുവാൻ തുടങ്ങി. ഈ മാറ്റം അദ്ധ്യാപകരിലുമുണ്ടായി. അതിൽ അസ്വാഭാവികത ആരും ദർശിച്ചിട്ടില്ല. അതുപോലെ മുണ്ടും വേഷ്ടിയും സാരിയും ബ്ലൗസും ഒക്കെയായിരുന്നു കേരളീയ സ്ത്രീകളുടെ വേഷം. അതിൽ പരിവർത്തനം വന്നു. ചുരിദാർ/സൽവാർ കമ്മീസ് എന്നിവയിപ്പോൾ സ്ത്രീകളുടെ സാധാരണ വസ്ത്രമായി മാറി. ഈ മാറ്റം അദ്ധ്യാപികമാരിലുമുണ്ടായിവരുന്നു.

ചുരിദാർ/സൽവാർ കമ്മീസ് ധരിച്ച് അദ്ധ്യാപികമാരും വിദ്യാർത്ഥിനികളും ക്ലാസ്സിൽ വരുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ അദ്ധ്യാപക പരിശീലനകേന്ദ്രങ്ങളടക്കമുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപികമാർക്കും വിദ്യാർത്ഥിനികൾക്കും സാരി, ബ്ലൗസ് കൂടാതെ ചുരിദാർ/സൽവാർ കമ്മീസ് തുടങ്ങിയ വസ്ത്രങ്ങൾ കൂടി അനുവദനീയമാണ് എന്ന കാര്യം വ്യക്തമാക്കുന്നു.

കെ.സുശീല
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർ സെക്കന്ററി ഡയറക്ടർ, തിരുവനന്തപുരം.
വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക വകുപ്പ് -വിപുലമായ പ്രസിദ്ധീകരണത്തിന്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ